ഇടുക്കി എൽ.എസ്.ജി.ഡി. ഇന്റേണൽ വിജിലൻസ് ആഫീസർ - 3 യുടെ നടപടി ക്രമങ്ങൾ

**(ഹാജർ - അബ്ദുൾസമദ് പി.എം.)**

നം. IVO3 - LSGD-IDK/01/ARKLMGP തിയതി - 08/01/2024

വിഷയം - നവകേരള സദസ്സ് - അറക്കുളം ഗ്രാമ പഞ്ചായത്ത് - ശ്രീ.ജെബിൻ ജോർജ്ജ്, വട്ടപ്പാറയിൽ , മുളകുവള്ളി Docket No- IDK 0917946 ആയി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.

സൂചന - സിറ്റിസൺ അദാലത്തിൽ ലഭിച്ച അപേക്ഷ.

ബഹു. സംസ്ഥാന മുഖ്യ മന്ത്രിയുടെ നവകേരള സദസ്സിൽ ശ്രീ.ജെബിൻ ജോർജ്ജ്, വട്ടപ്പാറയിൽ , മുളകുവള്ളി എന്നയാൾ 1991 സെപ്റ്റംബർ 19 -ാം തീയതി മൂലമറ്റം ബിഷപ്പ് വയൽ ഹോസ്പിറ്റലിൽ ജനിച്ചുവെന്നും ആയത് പഞ്ചായത്തിലെ 1991 ലെ ജനന രജിസ്റ്ററിൽ ഉൾപ്പെട്ടടിട്ടുള്ളതായിരുന്നുവെന്നും എന്നാൽ, കാലപ്പഴക്കത്തിൽ ടി. രജിസ്റ്റർ പൊടിഞ്ഞ് ഉപയോഗപ്രദമല്ലാതായതിനാൽ ജനന സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല എന്ന് കാണിച്ച് പരാതി നൽകുകയുണ്ടായി. ഈ പരാതിയിൽ പ്രസ്തുത ആശുപത്രിയിൽ നേരിട്ടെത്തി ഗൈനിക് രജിസ്റ്റർ കണ്ട് ബോധ്യപ്പെട്ടതിൽ ടിയാൻെറ ജനനം 19.09.1991 ആയി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ആകയാൽ 10.05.2017 ലെ സർക്കുലർ നമ്പർ ബി1-15343/17, ഖണ്ഡിക നമ്പർ 4.5 ൽ പറയും പ്രകാരം നടപടികൾ സ്വീകരിച്ച് ടിയാൻെറ ജനന രജിസ്ട്രേഷൻ പുനസ്ഥാപിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിക്കൊണ്ട് 7 ദിവസത്തിനുള്ളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ടി അപേക്ഷ തീർപ്പാക്കി തീരുമാനിച്ചു.

ഇടുക്കി
08.01.2024

അബ്ദുൾസമദ് പി.എം.
ഇന്റേണലിവിജിലൻസ് ഓഫീസർ - 3
എൽ.എസ്.ജി.ഡി. ഇടുക്കി